"ഭരണഭാഷ മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

എഫ് 3/20209/17

തൊഴിൽഭവൻ, തിരുവനന്തപുരം
തീയതി : 7/7/2017

## സർക്കുലർ

വിഷയം :- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - അന്താരാഷ്ട്ര യുവജന ദിനാചരണം- ഐടിഐകളിൽ പരിപാടികൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ച്

സൂചന :- 1) 6.7.2017, തീയതിലെ 258/2017/PS/ML(L&E) നമ്പരായ തൊഴിലും നൈപുണ്യവും വകുപ്പ് പ്രൈവറ്റ് സെക്രട്ടറിയുടെ കത്ത്

2)27.6.2017, തീയതിലെ 142/2017/Skill Day/M(L&Ex) നമ്പരായ സർക്കാർ കത്ത്

മേൽ സൂചനയിലെ സർക്കാർ കത്തുകളിലെ നിർദ്ദേശ പ്രകാരം അന്താരാഷ്ട്ര യുവജന നൈപുണ്യ ദിനാചരണത്തിന്റെ ഭാഗമായി 15-7-2017 ന് വ്യാവസായിക പരിശീലന വകുപ്പിൻ കീഴിലുള്ള ഗവ /പ്രൈവറ്റ് ഐടിഐകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവ കൃത്യമായും നടപ്പിലാക്കേണ്ട പരിപാടികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) നൈപുണ്യദിനാചരണത്തിന്റെ ഭാഗമായി തൊഴിൽ പ്രാധാന്യം ഉയർത്തുന്ന തുണിയിലുള്ള 8 feet X 4 feet വലിപ്പത്തിലുള്ള ബാനറുകൾ വകുപ്പിൻ കീഴിലുള്ള സ്ഥാപനങ്ങളുടെ മുഖ്യകവാടത്തിലും സ്ഥാപനത്തിനകത്തും പ്രദർശിപ്പിക്കുക. അതിന്റെ മാതൃക ഇതോടൊപ്പം ചേർക്കുന്നു.

2) തൊഴിൽ മഹത്വത്തെക്കുറിച്ച് ട്രെയിനികളിൽ ബോധവൽക്കരണം നടത്തുന്നതിലേക്കായി 15.7.2017 ന് രാവിലെ 10 മണിക്ക് മുഴുവൻ ജീവനക്കാരെയും ട്രെയിനികളെയും ഉൾപ്പെടുത്തി പ്രത്യേക അസംബ്ലി ചേരേണ്ടതും, നൈപുണ്യദിന പ്രതിജ്ഞ എടുക്കേണ്ടതും, ബഹു.തൊഴിൽ വകുപ്പു മന്ത്രിയുടെ സന്ദേശം വായിക്കേണ്ടതുമാണ്.

3) ട്രെയിനികളിൽ തൊഴിൽ സംസ്ക്കാരത്തെക്കുറിച്ച് അവബോധം വളർത്തുന്നതിന് ട്രെയിനികളെ പങ്കെടുപ്പിച്ചുകൊണ്ട് സ്കിൽ ക്വിസ് മത്സരം

സൂചനയിലെ സർക്കാർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അന്താരാഷ്ട്രയുവജന നൈപുണ്യദിനാചരണത്തിന്റെ ഭാഗമായി മേൽ പരാമർശിച്ച പരിപാടികൾ കൃത്യമായും ഐടിഐകളിൽ നടപ്പാക്കേണ്ടതാണ്. ഇതിന്റെ

ചെലവിലേക്കായി 1500/- രൂപ വീതം വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും അനുവദിക്കുന്നതാണ്.

(ബാനറുകളുടെ രൂപകൽപ്പന സംബന്ധിച്ച മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.)

വിശ്വസ്തതയോടെ

ട്രെയിനിംഗ് ഡയറക്ടർ ഇൻ ചാർജ്

ഉള്ളടക്കം-മുകളിൽ പറഞ്ഞത്

സ്വീകർത്താവ്:- എല്ലാ ഗവ/പ്രൈവറ്റ്ഐ.ടി.ഐപ്രിൻസിപ്പാൾമാർക്കും
ട്രെയിനിംഗ് ഓഫീസർമാർക്കും

പകർപ്പ് :-1) എല്ലാ ഐടിമാർക്കും
(മേൽ പരിപാടി തങ്ങളുടെ അധികാരപരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ നടപ്പിലാക്കിയെന്ന് ഉറപ്പുവരുത്തേണ്ടതാണ്)

2) ഡയറക്ടർ, എസ് സി ഡി ഡി /എസ് റ്റി ഡി ഡി
(ആമുഖ കത്ത് സഹിതം)

**T.P. RAMAKRISHNAN**
MINISTER FOR LABOUR SKILLS & EXCISE
GOVERNMENT OF KERALA

Minister for Labour Skills & Excise
Government of Kerala
Government Secretariat
Thiruvananthapuram
Kerala - 695 001
E-mail : min.lbr@kerala.gov.in
Phone : 0471 2333833 / 2331685
Fax : 0471 2335266


July 6, 2017



പ്രിയ വിദ്യാർത്ഥി സുഹൃത്തുക്കളെ,

മനുഷ്യ വിഭവശേഷിയിൽ സമ്പന്നമായ നമ്മുടെ രാജ്യത്തെ യുവജനതയുടെ തൊഴിൽശേഷിയും നൈപുണ്യവും കാര്യക്ഷമതയും മത്സരാടിസ്ഥാനത്തിലുള്ള നിലവാരവും വർദ്ധിപ്പിക്കേണ്ടത് രാഷ്ട്ര പുരോഗതിക്ക് അനിവാര്യമായ ഘടകങ്ങളാണ്. അഭ്യസ്തവിദ്യരായ യുവജനതയ്ക്ക് സാങ്കേതിക മേഖലയിലെ തൊഴിൽ സാധ്യതകൾ വേണ്ടവിധം പ്രയോജനപ്പെടുത്തുവാൻ വിവിധ മേഖലകളിലുള്ള അവരുടെ കഴിവുകളെ പരിപോഷിപ്പിക്കേണ്ടതാണ്.

അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനത്തോടൊപ്പം മികച്ച തൊഴിലവസരങ്ങളും നേടിയെടുക്കാനുതകുന്ന തരത്തിലുള്ള വിവിധ തൊഴിൽ നൈപുണ്യ പരിശീലന പദ്ധതികൾ സംസ്ഥാന തൊഴിലും നൈപുണ്യവും വകുപ്പിന്റെ കീഴിൽ വ്യാവസായിക പരിശീലന വകുപ്പും കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസും നടപ്പിലാക്കി വരുന്നു. ഈ സേവനങ്ങൾ നിങ്ങൾ ഓരോരുത്തരും പരമാവധി പ്രയോജനപ്പെടുത്തി നൈപുണ്യ കേരളത്തിന്റെ സാക്ഷാത്കാരത്തിനായി തൊഴിലും നൈപുണ്യവും വകുപ്പിനോടൊപ്പം പങ്കുചേരണമെന്ന് **അന്താരാഷ്ട്ര യുവജന നൈപുണ്യ ദിനത്തിൽ** ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തുന്നു. നമുക്ക് ഒരുമിച്ച് മുന്നേറാം. സർക്കാർ ഒപ്പമുണ്ട്.

ഹൃദയപൂർവ്വം

ടി. പി. രാമകൃഷ്ണൻ


Residence: ESSENDENE, Nanthencode, Thiruvananthapuram
Residence: 2317651, 2318601, Mobile: 9447913300 e-mail: min.lbr@kerala.gov.in

# തൊഴിലും നൈപുണ്യവും വകുപ്പ്
### കേരള സർക്കാർ

# നൈപുണ്യ കേരളം
***<u>Skilling Together Building Future</u>***

## <u>പ്രതിജ്ഞ</u>

നമ്മുടെ രാഷ്ട്രത്തിന്റെ സാമൂഹിക-സാമ്പത്തിക ഉന്നമനത്തിനു ഞാൻ ഉൾപ്പെടുന്ന യുവജനതയുടെ പങ്കാളിത്തം അനിവാര്യമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ദേശീയ അന്തർദ്ദേശീയ തലത്തിൽ കേരളീയ തൊഴിൽ സമൂഹത്തിന്റെ പ്രാധാന്യവും സ്വീകാര്യതയും ഉയർത്തിക്കാട്ടാൻ തൊഴിൽ നിപുണത കൈവരിക്കുന്നതിനോടൊപ്പം നൈപുണ്യത്തിന്റെ പ്രാധാന്യം പൊതുസമൂഹത്തിലേയ്ക്ക് പകർന്നു നൽകേണ്ടതും എന്റെ കർത്തവ്യമാണ്. ഈ വേളയിൽ എന്റെയും വരും തലമുറയുടെയും സുരക്ഷിത ഭാവിയ്ക്കായി തൊഴിൽ അഭിരുചി തിരിച്ചറിഞ്ഞ് തൊഴിൽ വൈദഗ്ദ്ധ്യം നേടാനുള്ള പരിശ്രമങ്ങളിൽ നമുക്കൊരുമിച്ച് മുന്നേറാം.

ഈ അന്താരാഷ്ട്ര യുവജന നൈപുണ്യ ദിനത്തിൽ തൊഴിൽ നൈപുണ്യത്തിന്റെ സന്ദേശവാഹകരായി നൈപുണ്യ കേരളത്തിനായി നമുക്ക് ഒരുമിച്ച് കൈകോർക്കാം. ജയ് ഹിന്ദ്

വ്യാവസായിക പരിശീലന വകുപ്പ്

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്
സംസ്ഥാന നൈപുണ്യ വികസന മിഷൻ